Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Alikoya** Technical Support **Fahis Ali**
Cover **Alifsha**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation Phone 0495 2732555
Manager Tele 0495 2730073
e-mail managerprabodhanamclt@gmail.com

**മലർവാടി**
കുട്ടികളുടെ ദ്വൈവാരിക
2018 മാർച്ച് 1, പുസ്തകം 38, ലക്കം 9

# മലർമൊഴി

"

**ഉറയുടെ ജീർണത വാളിന്റെ
വായ്ത്തലയെ ക്ഷതപ്പെടുത്തില്ല.
മൂർച്ചയുണ്ടെങ്കിൽ എവിടെ
വെട്ടിയാലും മുറിഞ്ഞു കൊള്ളും.
കാലം എന്റെ വേഷം നോക്കി
അവഹേളിക്കുന്നതിൽ പരാതിയില്ല.
എത്രയോ വാളുകൾ പകിട്ടേറിയ
ഉറയിലിരുന്നേ തുരുമ്പിച്ചു പോകുന്നു.**

**● ഇമാം ശാഫി**



മുസ്‌ലിം ലോകത്ത് ഏറെ പ്രചാരമുള്ള നാലു കർമ ശാസ്ത്ര സരണികളിലൊന്നായ ശാഫി മദ്ഹബിന്റെ പ്രഥമാചാര്യനാണ് മുഹമ്മദ് ബിൻ ഇദ്‌രീസ് ശാഫി. ഇദ്ദേഹം ജീവിച്ചിരുന്നത് സി.ഇ. എട്ട്-ഒമ്പത് നൂറ്റാണ്ടുകളിലാണ്. ജനനം മക്കയിൽ. ശൈശവത്തിലേ പിതാവ് നഷ്ടപ്പെട്ട ശാഫി തീരെ ദരിദ്രമായ ചുറ്റുപാടിലാണ് വളർന്നത്.

വിജ്ഞാന പ്രേമവും ബുദ്ധിവൈഭവവും നിരന്തര പ്രയത്നവും ഇമാം ശാഫിയെ അദ്ദേഹത്തിന്റെ കാലത്തെ ഏറ്റം പ്രഗത്ഭനായ പണ്ഡിതനാക്കി ഉയർത്തി.

സഹസ്രാബ്ദങ്ങൾക്കുശേഷവും ശാഫിയുടെ ഖ്യാതി നിലനിൽക്കുന്നു. ശാഫി മദ്ഹബ് പിന്തുടരുന്ന കേരള മുസ്‌ലിംകൾക്ക് അദ്ദേഹം ഏറെ പരിചിതനാണ്. സർവ്വധനാൽ പ്രധാനമായ വിദ്യാധനം വേണ്ടുവോളം നേടിയ ശാഫി ദരിദ്രനായിത്തന്നെയാണ് ജീവിച്ചത്. അതുകൊണ്ട് പല സന്ദർഭങ്ങളിലും അദ്ദേഹം അവഗണിതനും അപമാനിതനുമാകാറുണ്ടായിരുന്നു.

മതപണ്ഡിതനായ ശാഫി പ്രതിഭാധനനായ കവി കൂടിയായിരുന്നു. ശാഫിയുടെ കവിതകൾ അദ്ദേഹത്തിന്റെ കിടയറ്റ മതഗ്രന്ഥങ്ങൾ പോലെത്തന്നെ അറബ് ലോകത്ത് ഇന്നും പ്രശസ്തമാണ്.

പുറംപകിട്ടുകൊണ്ട് ആളുകളെ വിലയിരുത്തുന്നതിന്റെ അർത്ഥശൂന്യത സൂചിപ്പിച്ചുകൊണ്ട് ശാഫി പാടിയ കവിതയിൽ നിന്നുള്ള ഒരു ഈരടിയുടെ തർജ്ജമയാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഈ കവിത പാടാൻ അദ്ദേഹത്തെ പ്രചോദിപ്പിച്ച സംഭവം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അത് വായിച്ചാൽ ഈ കവിയെയും കവിതയെയും നമുക്ക് ഏറെ മനസ്സിലാകും.

നല്ലൊരു സഞ്ചാരിയുമായിരുന്നു ഇമാം ശാഫി. ഒരിക്കൽ അദ്ദേഹം ഇറാഖിലെ സമാറാ നഗരം സന്ദർശിക്കാനെത്തി. ദീർഘയാത്രക്കിടയിൽ അദ്ദേഹത്തിന്റെ തലമുടി വല്ലാതെ വളർന്നിരുന്നു; വസ്ത്രങ്ങളാണെങ്കിൽ പഴകിയതും. നഗരത്തിൽ ആദ്യം കണ്ട ക്ഷുരകന്റെ അടുത്തുചെന്ന് അദ്ദേഹം മുടിമുറിക്കാനാവശ്യപ്പെട്ടു.

ക്ഷുരകൻ ശാഫിയെ ഒന്നുഴിഞ്ഞു നോക്കിയിട്ട് ഔദ്ധത്യത്തോടെ പറഞ്ഞു: ''ഹും... എനിക്കു പറ്റില്ല. മറ്റേതെങ്കിലും ക്ഷുരകന്റെ അടുത്തേക്ക് പൊയ്ക്കോ.'' തന്റെ പഴകിയ വസ്ത്രങ്ങൾ കണ്ട് ക്ഷുരകൻ തന്നെ അവഗണിച്ചതാണെന്ന് ശാഫിക്ക് മനസ്സിലായി.

അദ്ദേഹം കൂടെയുണ്ടായിരുന്ന ഭൃത്യനോടു ചോദിച്ചു: ''നമ്മുടെ സഞ്ചിയിൽ ഇനി എത്ര പണം ബാക്കിയുണ്ട്?'' 30 ദീനാർ ഉണ്ടെന്നറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''അതിൽ നിന്നും പത്ത് ദീനാർ എടുത്ത് ഈ ക്ഷുരകനു കൊടുത്തേക്കൂ.'' ഭൃത്യൻ അപ്രകാരം ചെയ്തു. 'എന്റെ വസ്ത്രം എന്റെ ശരീരത്തിൽ തന്നെ കിടക്കട്ടെ' എന്നും പറഞ്ഞുകൊണ്ട് ശാഫി തിരിഞ്ഞു നടന്നു. ഇമാം ശാഫി ആരാണെന്നും മേലുദ്ധരിച്ച വരികളിലൂടെ അദ്ദേഹം നമ്മോടു പറയാതെ പറയുന്നതെന്താണെന്നും ഇപ്പോൾ കൂട്ടുകാർക്ക് മനസ്സിലായിക്കാണുമല്ലോ.

• പത്രാധിപർ